# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3258** **11.05.2017-ൽ മറുപടിയ്ക്ക്**

## <u>കെ.എസ്.എഫ്.ഇ ബിസിനസ്സ് റിപ്പോർട്ട് 2017</u>

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.എഫ്.ഇ യിൽ 2017 മാർച്ച് മാസം നടന്ന ബിസിനസ്സ് റിപ്പോർട്ട് പ്രകാരം വിവിധ തസ്തികകളിലായി എത്ര പേർ വേണമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഇല്ല. മാർച്ച് 2017 പ്രകാരമുള്ള ബിസിനസ്സ് പുനരവലോകനം പൂർത്തിയായി വരുന്നതേയുള്ളൂ. |
| (ബി) | കെ.എസ്.എഫ്.ഇ യിലെ പെൻഷൻ പ്രായം 58 ആയി നിജപ്പെടുത്തിയിരിക്കെ 58 വയസ്സ് കഴിഞ്ഞ ജീവനക്കാർ നിലവിൽ സർവ്വീസിൽ തുടരുന്നതു കൊണ്ട് കെ.എസ്.എഫ്.ഇ യിലെ ജീവനക്കാർക്കും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന ആശങ്ക പരിഹരിക്കുമോ; | (ബി) & (സി) | വിരമിക്കൽ പ്രായമായ 58 വയസിനുശേഷവും ജീവനക്കാർ സർവീസിൽ തുടരുന്നതുമൂലം നിലവിലുള്ള ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകൾ വൈകുന്ന സാഹചര്യം നിലവിലുണ്ട്. എൻട്രി കേഡർ തസ്തികകളിൽ ഒഴിവുകൾ കണക്കാക്കുന്ന അവസരത്തിൽ 58 വയസ്സിനുശേഷവും കമ്പനിയിൽ തുടരുന്ന ജീവനക്കാരെ പരിഗണിക്കാറില്ല. ആയതിനാൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |
| (സി) | പെൻഷൻ പ്രായം കഴിഞ്ഞിട്ടും സർവ്വീസിൽ തുടരുന്ന ജീവനക്കാരുടെ തസ്തികകൾ ഒഴിവുകളായി കണക്കാക്കി പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.